**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1801** **10.02.2020-ൽ മറുപടിയ്ക്ക്**

## കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ പെർമിറ്റ് കാലാവധി

| ചോദ്യം<br>ശ്രീ.എ.പി. അനിൽ കുമാർ | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഏഴ് വർഷ പെർമിറ്റ് കാലാവധി പൂർത്തിയാകുന്ന സാഹചര്യത്തിൽ കെ.എസ്.ആർ.ടി.സി.യുടെ ഇരുന്നൂറിലധികം സൂപ്പർ ക്ലാസ്സ് ബസ്സുകൾ നിരത്തിൽ നിന്നും പിൻവലിക്കേണ്ട സാഹചര്യം സംജാതമായിട്ടുണ്ടോ; | (എ) | സ്റ്റേജ് കാര്യേജ് പെർമിറ്റുകളുടെ കാലാവധി 5 വർഷം ആണ്. നിലവിൽ പെർമിറ്റ് കാലാവധി തീരുന്ന മുറയ്ക്ക് കെ.എസ്.ആർ.ടി.സി യഥാസമയം പുതുക്കിയാണ് സർവ്വീസ് നടത്തി വരുന്നത്. എന്നാൽ ഫാസ്റ്റ് പാസഞ്ചർ, സൂപ്പർഫാസ്റ്റ്, ലക്ഷ്വറി, സൂപ്പർ ഡീലക്സ് സർവ്വീസ് അല്ലെങ്കിൽ സൂപ്പർ എക്സ്പ്രസ്സ് എന്നീ തരം സർവ്വീസുകളായി ഉപയോഗിക്കാവുന്ന ബസ്സുകളുടെ കാലപ്പഴക്കം നിലവിലുണ്ടായിരുന്ന 5 വർഷത്തിൽ നിന്നും 7 വർഷമായി വർദ്ധിപ്പിച്ചുകൊണ്ട് 04.12.2019-ലെ സ.ഉ.(പി) 43/19/ഗതാ പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കാലാവധിതീരുന്ന മുറയ്ക്ക് ടി ബസ്സുകൾ ഓർഡിനറി സർവ്വീസുകളായി ഉപയോഗിക്കാവുന്നതാണ്. |
| (ബി) | ബസ്സുകളുടെ പെർമിറ്റ് കാലാവധി ഏഴ് വർഷത്തിൽ നിന്നും ഒൻപത് വർഷമായി വർദ്ധിപ്പിക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; അതിന്മേലുള്ള തീരുമാനം എന്താണെന്ന് അറിയിക്കാമോ; | (ബി) | ഉണ്ട്. യാത്രക്കാരുടെ സുരക്ഷിതത്വം കണക്കിലെടുത്ത് പ്രസ്തുത ആവശ്യം സർക്കാർ പരിഗണിച്ചിട്ടില്ല. |
| (സി) | കെ.എസ്.ആർ.ടി.സി. നേരിടുന്ന പെർമിറ്റ് സംബന്ധമായ പ്രതിസന്ധി മറികടക്കുന്നതിന് എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | പുതിയ ബസ്സുകൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിക്കുവാൻ കെ.എസ്.ആർ.ടി.സി-യ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**